കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ, തിരുവനന്തപുരം, 695033
ഇമെയിൽ: cru.agridirmkerala.gov.in, ഫോൺ: 0471 2304481

നം: ADFW/3214/2020-SH3 തീയതി:25.08.2021

കൃഷി ഡയറക്ടർ

സർ,

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് -ജീവനക്കാര്യം - പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിലേയ്ക്ക് അഭിമുഖംനടത്തുന്നത് - അറിയിപ്പ് നല്കുന്നത് - സംബന്ധിച്ച്.

സൂചന:- 1)GO (P) 501/2005/ഫിൻ തീയതി 25.11.2005.
2) തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 08.04.2021 ലെ 10-2021/171 നമ്പർ കത്ത്.

******

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൻ കീഴിലുള്ള ഓഫീസായ വെള്ളായണി ആർ.ടി.ടി.സെന്ററിൽ നിലവിൽ ഒഴിവുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒരു ഒഴിവിലേയ്ക്ക് നിയമനം നല്കുന്നതിന് ഉപരി സൂചന (2) പ്രകാരം തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും അർഹരായ ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ പ്രസ്തുത തസ്തികയിലെ യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിന് ഒരു അഭിമുഖം 10.09.2021 രാവിലെ 11 മണിയ്ക്ക് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത അഭിമുഖത്തിൽ പങ്കെടുക്കുന്നതിലേയ്ക്കായി താങ്കളുടെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം 10.09.2021 തീയതി രാവിലെ 11 മണിയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചേംബറിൽ നേരിട്ട് ഹാജരാകുന്നതിന് നിർദ്ദേശിക്കുന്നു.

വകർപ്പ് -
1) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പി.എ.യ്ക്ക്
2) സീനിയർ ഫിനാൻസ് ഓഫീസറുടെ സി.എ.യ്ക്ക്
3) ലാ ഓഫീസറുടെ സി.എ.യ്ക്ക്

4) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.യ്ക്ക്
5) സെക്യൂരിറ്റി ഓഫീസർ, വികാസ് ഭവൻ
6) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ .റ്റി) പ്രസീദ്ധീകരിക്കുന്നതിന്
7) ശ്രീ.അജിമോൻ.എൻ.ജി. (ഒ.എ) ശ്രീ.രഞ്ചിത്ത്.വി.വി (ഒ.എ)
(എന്നിവർ 07.09.2021 ന് മുമ്പ് ഉദ്യോഗാർത്ഥികൾക്കായുള്ള ഇരിപ്പിടങ്ങൾ Record Section - ന സമീപം സജ്ജീകരിക്കേണ്ടതാണ്)
8) ഈ കാര്യാലയത്തിലെ ഡ്യൂപ്ലിക്കേറ്റിംഗ് ഓപ്പറേറ്റർമാരായ ശ്രീ .രാജീവൻ, ശ്രീ.ബാബുകുമാർ എന്നീ ഉദ്യോഗസ്ഥർ 07.09.2021 രാവിലെ 9.30 ന് ഓഫീസിൽ ഹാജരാകേണ്ടതാണ്.

(ഉദ്യോഗാർത്ഥികൾക്കായുള്ള പ്രത്യേക നിബന്ധനകൾ)

1. അഭിമുഖത്തിന് കത്ത് ലഭിച്ചവർ മാത്രമേ ഈ ഓഫീസിലേയ്ക്ക് പ്രവേശിക്കാൻ പാടുള്ളൂ. കൂടെയുള്ളവർ യാതൊരു കാരണവശാലും ഓഫീസിനകത്ത് പ്രവേശിക്കാൻ പാടുള്ളതല്ല. വികാസ് ഭവന് പുറത്ത് കാത്തു നില്ക്കേണ്ടതാണ്.
2. അഭിമുഖത്തിന് വരുന്ന ഉദ്യോഗാർത്ഥികൾ കൃഷി ഡയറക്ടറേറ്റിലെ റിക്കോർഡ് സെക്ഷനിൽ രാവിലെ 10.00 മണിയ്ക്ക് ഹാജരാകേണ്ടതാണ്.
3. ഉദ്യോഗാർത്ഥികൾ കൃത്യമായും മാസ്ക് ധരിക്കേണ്ടതും, ഓഫീസിൽ പ്രവേശിക്കുന്നതിന് മുമ്പായി കൈകൾ സാനിട്ടൈസർ കൊണ്ട് കഴുകേണ്ടതുമാണ്.
4. ഊഴമനുസരിച്ച് അഭിമുഖത്തിന് ഹാജരാകുവാൻ അറിയിപ്പ് ലഭിക്കുമ്പോൾ മാത്രമേ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചേംബറിലേയ്ക്ക് പ്രവേശിക്കാൻ പാടുള്ളൂ.
5. ഉദ്യോഗാർത്ഥികളിൽ ആരെങ്കിലും കോവിഡ്-19 അസുഖബാധിതരോ നിരീക്ഷണത്തിലോ ആണെങ്കിൽ ആ വിവരം ബന്ധപ്പെട്ടവർ രേഖാമൂലം മുൻകൂട്ടി krishidirector@gmail.com എന്ന മെയിലിൽ അറിയിക്കേണ്ടതാണ് . ടി ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖ തീയതി പിന്നീട് അറിയിക്കുന്നതാണ് . ഇവർ അഭിമുഖത്തിന് ഹാജരാകേണ്ടതില്ല.
6. Critical containment zone / Containment zone -ൽ നിന്നുള്ളവർ ഹാജരാകേണ്ടതില്ല. അവർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് krishidirector@gmail.com എന്ന മെയിലിൽ 05.09.2021 തീയതിയ്ക്കു മുമ്പായി ഈ കാര്യാലയത്തിലേയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ടി ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖ തീയതി പിന്നീട് അറിയിക്കുന്നതാണ്.
7. ഒറിജിനൽ രേഖ ഹാജരാക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് മറ്റൊരു അവസരം നല്കുന്നതല്ല.

Ksk 13 08 21

വിശ്വസ്തതയോടെ

Sd/-
BINDUMOL T
SENIOR ADMINISTRATIVE OFFICER(ADDL I/C)
കൃഷി ഡയറക്ടർക്കു വേണ്ടി

25/08/21